മാതൃഭൂമി

06 November 2025

# ബിംറെൻ, കടലിലെ കൂട്ടായ്മ നയിച്ച് ഇന്ത്യ

**കെ. ഉണ്ണികൃഷ്ണൻ**

കൊച്ചി

▸ ശാക്തികചേരികൾ മാറുന്ന കാലത്ത് ബംഗാൾ ഉൾക്കടലിലെ ഗവേഷണങ്ങൾക്ക് കരുത്തു കൂട്ടി ഇന്ത്യ. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ തുടങ്ങിയ ബിംറെൻ (ബിംസ്റ്റെക് – ഇന്ത്യ മറൈൻ റിസർച്ച് നെറ്റ്‌വർക്ക്) നയിക്കുന്നത് ഇന്ത്യയാണ്. ശ്രീലങ്ക, നേപ്പാൾ, ബംഗ്ലാദേശ്, ഭൂട്ടാൻ, മ്യാൻമാർ, തായ്‌ലാൻഡ് എന്നിവയുള്ള ഈ കൂട്ടായ്മയിൽ ചൈനയും പാകിസ്താനും ഇല്ല.

ബംഗാൾ ഉൾക്കടലിലെ മത്സ്യബന്ധന മേഖലയിൽ കൂടുതൽ ശ്രദ്ധിക്കുന്നത് സാമ്പത്തികരംഗത്ത് പുതിയ സാധ്യതകൾ തുറക്കും. കാലാവസ്ഥാ മാറ്റങ്ങളെ ചെറുക്കുക, അംഗ രാജ്യങ്ങളുടെ ഗവേഷണങ്ങളിൽ സഹകരണം വർധിപ്പിക്കുക, വിവരങ്ങൾ പങ്കിടുക എന്നിവയാണ് ലക്ഷ്യങ്ങൾ. കടലിലെ സുരക്ഷയുടെ കാര്യത്തിലും ഇന്ത്യക്ക് ഇത് പ്രധാനമാണ്. ബംഗാൾ ഉൾക്കടലിലെ ചൈനീസ് സ്വാധീനം കുറയ്ക്കുക എന്ന തന്ത്രപ്രധാനമായ കാര്യവും ഇതിനുപിന്നിലുണ്ട്. വിദേശകാര്യ മന്ത്രാലയത്തിന്റെയും ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ-ഗവൺമെന്റൽ ഓർഗനൈസേഷന്റെയും നേതൃത്വത്തിലാണ് കൂട്ടായ്മ നിലവിൽ വന്നത്. അംഗരാജ്യങ്ങളിലെ വിദ്യാർഥികൾക്ക് ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിൽ ഗവേഷണത്തിന് അവസരം കിട്ടും. നിലവിൽ ബിംറെനിന്റെ കീഴിൽ വിവിധ അംഗരാജ്യങ്ങളിലെ 25 സ്ഥാപനങ്ങളിൽനിന്നായി 56 ഗവേഷകർ പഠനം നടത്തുന്നുണ്ട്. ചെന്നൈയിലാണ് പ്രോജക്ട് സെക്രട്ടേറിയറ്റ്.

മേഖലയിലെ രാജ്യങ്ങളുടെ കൂട്ടായ്മയായ സാർക്ക് പ്രവർത്തനരഹിതമായതോടെയാണ് 1997-ൽ ഏഴ് അയൽ രാജ്യങ്ങളുമായി ഇന്ത്യയുടെ മറ്റൊരു കൂട്ടായ്മ വന്നത്. ബിംസ്റ്റെക് (ബേ ഓഫ് ബംഗാൾ ഇനിഷ്യേറ്റീവ് ഫോർ മൾട്ടിസെക്ടോറിയൽ ടെക്നിക്കൽ ആൻഡ് ഇക്കണോമിക് കോ ഓപ്പറേഷൻ) എന്ന സംഘത്തിന് ഇന്ത്യയുടെ വിദേശ നയത്തിൽ ഇപ്പോൾ വലിയ പ്രാധാന്യമാണ്. കൊച്ചി സിഎംഎഫ്ആർഐയിൽ ആഗോള മറൈൻ സിമ്പോസിയത്തിനൊപ്പം നടന്ന ആദ്യ കോൺക്ലേവിൽ അംഗരാജ്യങ്ങളിലെ പ്രതിനിധികളും പങ്കെടുത്തു.

രാജ്യാന്തര സഹകരണത്തോടെ ട്രോളിങ്ങിന്റെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിന് അഞ്ച് സർവേകൾ പൂർത്തിയാക്കി. നിരവധി ഫീൽഡ് സന്ദർശനങ്ങളും നടത്തി. എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി ശ്രീലങ്കൻ സംഘം ഇപ്പോൾ ഇന്ത്യയിലുണ്ട്. ഇന്ത്യയിലെയും ബംഗ്ലാദേശിലെയും മ്യാൻമാറിലെയും പ്രിയ മത്സ്യമായ ഹിൽസയെ കുറിച്ച് കൂടുതലറിയാൻ ഏകീകൃത ഡേറ്റാബേസും ഫീൽഡ് സർവേകളും വികസിപ്പിക്കുന്നതു സംബന്ധിച്ച പഠനവും നടക്കുന്നുണ്ട്.




▶ സിഎംഎഫ്ആർഐയിൽ നടന്ന ബിംറെൻ പ്രഥമ കോൺക്ലേവിൽ ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഡയറക്ടർ ഡോ. പി. കൃഷ്ണൻ സംസാരിക്കുന്നു. കേന്ദ്ര വിദേശകാര്യ ജോയിന്റ് സെക്രട്ടറി സി.എസ്. ആർ. റാം, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന എന്നിവർ സമീപം